"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ്- ജീവനക്കാര്യം- കണ്ണൂർ ഡിവിഷനിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ശ്രേയ മുരളിയ്ക്ക് ശൂന്യവേതന അവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.314/2025/TAXES തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. ശ്രീമതി ശ്രേയ മുരളി 04.07.2024-ൽ സമർപ്പിച്ച അപേക്ഷ
2. കണ്ണൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 22.07.2024-ലെ ഇ.ഡി.ഒ.കെ.എൻ.ആർ/562/2024-സി2 നമ്പർ ഉത്തരവ്
3. കണ്ണൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 05.12.2024-ലെ ഇ.ഡി.ഒ.കെ.എൻ.ആർ/650/2024-സി2 നമ്പർ ഉത്തരവ്
4. എക്സൈസ് കമ്മീഷണറുടെ 18.12.2024-ലെ ഇ.എക്സ്.സി/4265/2024-എക്സ്.ഇ8 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ഡിവിഷനിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി ശ്രേയ മുരളിയ്ക്ക് കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ കാറ്റഗറി നമ്പർ 125/2024 പ്രകാരം, കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിലേക്ക് നോട്ടിഫിക്കേഷൻ വിളിച്ചത് പ്രകാരം ടി തസ്തികയിലെ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിന് 05/07/2024 മുതൽ 31/10/2024 വരെ 119 ദിവസത്തേക്ക് ശൂന്യവേതന അവധി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ കണ്ണൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു, .

2) ഒരു കോഴ്സിന്റെ പൂർണ്ണ കാലാവധിയിലേക്ക് മാത്രമേ അനുബന്ധം XII-B പ്രകാരമുള്ള അവധി അനുവദിക്കുവാനാകു എന്നതിനാൽ പി.എസ്.സി. പഠനത്തിന് തയ്യാറെടുക്കുന്നതിനായി ടി ചട്ടപ്രകാരമുള്ള അവധി അനുവദിക്കുവാനാകില്ല എന്നതിനാലും മൂന്ന് വർഷം തുടർച്ചയായ സേവനമില്ലാത്ത ജീവനക്കാർക്ക് കെ.എസ്.ആർ, ഭാഗം ഒന്ന്, ചട്ടം 88 (i) പ്രകാരം സ്വകാര്യാവശ്യത്തിനായി ഒരു തവണ പരമാവധി മൂന്ന് മാസത്തെ ശൂന്യവേതന അവധി മാത്രമേ അനുവദിക്കുവാനാകു എന്നതിനാലും 01/09/2021 ൽ തുടർച്ചയായ സേവനത്തിൽ പ്രവേശിച്ച അപേക്ഷകയ്ക്ക് 05/07/2024 മുതൽ 31/10/2024 വരെ 119 ദിവസത്തേക്ക് ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ച നടപടി ക്രമപ്രകാരമല്ല എന്നതിനാൽ ആയത് പരാമർശം (3) ഉത്തരവ് പ്രകാരം റദ്ദ് ചെയ്ത് അവധി അപേക്ഷ സഹിതം തുടർ

നടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി. ശ്രേയ മുരളിയ്ക്ക് 05/07/2024 മുതൽ 31/10/2024 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതന അവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ശ്രീമതി ശ്രേയ മുരളി, വനിതാ സിവിൽ എക്സൈസ് ഓഫീസർ (എക്സൈസ് കമ്മീഷണർ മുഖേന)
3) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.
4) ധനകാര്യ വകുപ്പ് (EXP-B1/571/2024-FIN dated, 26.03.2025 പ്രകാരം).
5) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/134/2024-നികുതി)

ഉത്തരവിൻ പ്രകാരം

**Signed by Reese. V. A**
**Date: 29-03-2025 21:01:30**

സെക്ഷൻ ഓഫീസർ